പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3379      10/12/2018 ൽ മറുപടിക്ക്

## റീസർവ്വേ പൂർത്തീകരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | വില്ലേജുകളിൽ റീസർവ്വേ പൂർത്തീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയായിട്ടുണ്ട്. 10/05/2018 ലെ സ.ഉ.(എം.എസ്സ്) 181/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വെ സ്കൂളിൽ നിന്ന് സർവെ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിപ്പിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. സർവ്വെ പ്രവർത്തനങ്ങളുടെ ആധുനീകരണവുമായി ബന്ധപ്പെട്ടുള്ള നടപടികൾക്കായി 25/06/2018 ലെ സ.ഉ.(എം.എസ്) 236/2018/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ടി ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ നടന്നുവരികയാണ്. |
| (ബി) | 2018-19 ൽ എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | 2018-19 ൽ 31 വില്ലേജുകളിലെ റീസർവ്വെ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഇതിന്റെ ആവശ്യത്തിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | 'ഇന്റഗ്രേഷൻ ഓഫ് ലാന്റ് റിക്കോർഡ്സ് സർവീസ് ഡെലിവറി പ്രോജക്റ്റിന്' വേണ്ടി നടപ്പ് സാമ്പത്തിക വർഷം 50 കോടി രൂപ വകയിരുത്തിയിട്ടുള്ളതും, ഇതിന്റെ ഭാഗമായി 31 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾക്ക് 7.28 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ